**കേരള ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം**
**ഹാജർ.ശ്രീ.വെങ്കടേസപതി.എസ്, ഐ.എ.എസ്**

വിഷയം :- ഫിഷറീസ് - 53-ാമത് സ്റ്റാഫ് ട്രെയിനിംഗ് - നിയമനം - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് -

പരാമർശം :- 1) G.O (Rt) No.498/2014/F&PD dtd.23/06/2014
2) G.O (Rt) No.486/2018/F&PD dtd. 22/06/2018
3) ഈ കാര്യാലയത്തിലെ 16/03/2019 ലെ കെ2/26968/19 നമ്പർ ഉത്തരവ്
4) ഈ കാര്യാലയത്തിലെ 16/03/2019 ലെ കെ2/11876/18 നമ്പർ ഉത്തരവ്
5) കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ 21/03/2019 ലെ എ/2901/12 നമ്പർകത്ത്
6) മലമ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ25/03/2019 ലെ എ/14/2018നമ്പർകത്ത്
7 )ശ്രീ.ഗോപകുമാർ ഫിഷറീസ് സബ് ഇൻസ്പെക്ടർ സമർപ്പിച്ച 25/03/2019 തിയതിയിലെ അപേക്ഷ
8) G.O (P) 01/2019/F&PD dtd. 29/01/2019

**ഉത്തരവ് നമ്പർ കെ2/11876/18 തീയതി 30/03/2019**

പരാമർശം (1), (2) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2019 ഏപ്രിൽ 1 മുതൽ ആലുവ നിഫാമിൽ വച്ച് 53-ാം ഇൻസർവ്വീസ് സ്റ്റാഫ് ട്രെയിനിംഗ് കോഴ്സ് സംഘടിപ്പിക്കുന്നതിനു പരാമർശം (3) പ്രകാരം ഉത്തരവ് നൽകുകയും നിലവിലുള്ള കേരളാ ഫിഷറീസ് സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം സ്റ്റാഫ് ട്രെയിനിംഗ് കോഴ്സ് ആവശ്യമായ തസ്തികകളിലെ ജീവനക്കാരെ പരാമർശം (4) പ്രകാരം മേൽ പരിശീലനത്തിന് നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ടി പട്ടികയിൽ ഉൾപ്പെട്ടിരുന്ന ശ്രീ.ജോസ് ബാബു ഫിഷറീസ് സബ് ഇൻസ്പെക്ടർ 2007-08 കാലയളവിൽ ടി പരിശീലനം വിജയിച്ചിരുന്നു എന്ന കാരണത്താലും ശ്രീ.രാമകൃഷ്ണൻ ഫിഷറീസ് സബ് ഇൻസ്പെക്ടർ 2019 മെയ് മാസത്തിൽ വിരമിക്കുന്നു എന്ന കാരണത്താലും ശ്രീ.ഗോപകുമാർ ഫിഷറീസ് സബ് ഇൻസ്പെക്ടർ ആരോഗ്യപരമായ കാരണത്താലും മേൽ പരിശീലനത്തിൽ നിന്ന് ഒഴിവാക്കണമെന്ന് കാണിച്ച് പരാമർശം (5) മുതൽ (7) വരെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി ജീവനക്കാരുടെ മേലധികാരികൾ ബന്ധപ്പെട്ട വിഷയങ്ങൾ യഥാസമയം അറിയിച്ചിരുന്നില്ല. ഈ നടപടികളിൽ വന്ന ന്യൂനതകൾ പരാമർശം (5), (6), (7) കളുടെ അടിസ്ഥാനത്തിൽ പരിഹരിക്കേണ്ടതുണ്ട്.

31/01/2019 ലെ കേരളാ ഗസറ്റ് (അസാധാരണം) നമ്പർ 219/എസ്.ആർ.ഒ നമ്പർ 90/2019 പ്രകാരം പ്രസിദ്ധപ്പെടുത്തിയ കേരളാ സ്റ്റേറ്റ് ഫിഷറീസ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2019 ൽ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തിക കാറ്റഗി നമ്പർ (8) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ടി വിശേഷാൽ ചട്ടത്തിലെ വകുപ്പ് (9) പ്രകാരം ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാർ ഫിഷറീസ് വകുപ്പ് നടത്തുന്ന ഇൻ സർവ്വീസ് സ്റ്റാഫ് കോഴ്സ് വിജയിച്ചിരിക്കണം എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (5) മുതൽ (7) വരെയുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഫിഷറീസ് സബ് ഇൻസ്പെക്ടർമാരായ (1) ശ്രീ.ജോസ് ബാബു (2) ശ്രീ.രാമകൃഷ്ണൻ (3) ശ്രീ.ഗോപകുമാർ എന്നിവരെയും, ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും സ്റ്റാഫ് ട്രെയിനിംഗ് കോഴ്സിലേയ്ക്ക് തെരഞ്ഞെടുത്ത (4) ശ്രീ. സുദർശനൻ.എസ്, ഫിഷറീസ് സബ് ഇൻസ്പെക്ടർ 08/2019 ൽ വിരമിക്കുന്ന സാഹചര്യത്തിൽ ടിയാനെയും 53-ാം ഇൻ സർവ്വീസ് സ്റ്റാഫ് ട്രെയനിംഗിൽ നിന്നും ഒഴിവാക്കി കൊണ്ടും കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ലാവണത്തിലും നിലവിൽ കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ഫിഷറീസ് ഇൻസ്പെക്ടർ ശ്രീമതി. സംഗീത.പി.എസ്, ശ്രീ. സുദർശനന് പകരമായി സ്റ്റാഫ് ട്രെയിനിംഗിന് കോഴ്സിൽ ഉൾപ്പെടുത്തിക്കൊണ്ടും, ഓരു ജല മത്സ്യ കർഷക വികസന ഏജൻസിയിൽ അക്വാകൾച്ചർ വിദഗ്ദ്ധർമാരായി ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് ഫിഷറീസ് വകുപ്പിൽ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരായി ലയിപ്പിക്കുകയും ആയത് പ്രകാരം സേവനമനുഷ്ഠിച്ച് വരുന്നതുമായ ചുവടെ പറയുന്ന ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരിൽ സന്നദ്ധത അറിയിക്കുന്ന ജീവനക്കാരെ കെ.എസ്. & എസ്.എസ്.ആർ 13A യിൽ അനുമാനിക്കുന്ന നിയമങ്ങൾക്ക് വിധേയമായി ആലുവ നിഫാമിൽ വച്ച് 01/04/2019 മുതൽ നടത്തപ്പെടുന്ന 53-ാം ഇൻ സർവ്വീസ് സ്റ്റാഫ് ട്രെയിനിംഗിൽ ഉൾപ്പെടുത്തി കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | ഉദ്യോഗപേര് | ഓഫീസ് |
|---|---|---|---|
| 1 | ശ്രീ.അനീഷ്.പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, തൃശ്ശൂർ |
| 2 | ഡോ.ജാസ്മിൻ.കെ.ജോസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, ആലപ്പുഴ |
| 3 | ശ്രീമതി.അനിത.ആർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, തിരുവനന്തപുരം |
| 4 | ശ്രീ.സുരേന്ദ്രൻ.കെ.വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, കാസറഗോഡ് |
| 5 | ഡോ.സീമ.സി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, എറണാകുളം |
| 6 | ശ്രീമതി.ജയന്തി.ടി.ടി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, കൊല്ലം |

മേൽപ്പറഞ്ഞ ജീവനക്കാരിൽ സ്റ്റാഫ് ട്രെയനിംഗ് കോഴ്സിൽ പങ്കെടുക്കുന്നതിന് സന്നദ്ധത അറിയിക്കുന്ന ജീവനക്കാരെ ബന്ധപ്പെട്ട മേലധികാരികൾ യഥാസമയം വിടുതൽ ചെയ്യേണ്ടതും ടി ജീവനക്കാരുടെ സമ്മത/വിസമ്മത പത്രം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ട്രെയിനിംഗ്) കിഴക്കേ കടുങ്ങല്ലൂർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പൊതു തെരഞ്ഞെടുപ്പ് സംബന്ധിച്ച് സ്വീകരിക്കേണ്ട വ്യവസ്ഥകൾ നിലനിർത്തി കൊണ്ട് ടി ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

30/3/19

ഫിഷറീസ് ഡയറക്ടർ

30/3/19

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർക്ക് (മേലധികാരി മുഖാന്തിരം)

പകർപ്പ്:

1) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
2) ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ട്രെയിനിംഗ്) കിഴക്കേ കടുങ്ങല്ലൂർ/ തിരുവനന്തുരം/ എറണാകുളം/ കോഴിക്കോട്
3) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (തിരുവനന്തപുരം/ കൊല്ലം/ആലപ്പുഴ/ എറണാകുളം/തൃശ്ശൂർ/മലമ്പുഴ/ കോഴിക്കോട്/കാസറഗോഡ്)
4) ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ(ട്രെയനിംഗ്),കിഴക്കേ കടുങ്ങല്ലൂർ /വിഴിഞ്ഞം
5) ഫിഷറീസ് ഡയറക്ടറുടെ സി.എ
6) എ2 സെക്ഷൻ
7) എ4 സെക്ഷൻ
8) ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
9) കരുതൽ ഫയൽ

കെ.എസ്.30/03/2019